LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 5, വെള്ളി

നിയമസഭ 2014 ജൂലൈ മാസം 5-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് പൂർവ്വമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു

I അറിയിപ്പ്

ശ്രീ. ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ..... ഓർഡർ ..... ഇന്നലെ അന്തരിച്ച ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർക്ക് ആദരാഞ്ജലികൾ അർപ്പിക്കുവാൻ അംഗങ്ങൾക്ക് സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടി ഇന്നത്തെ സഭാനടപടികൾ ക്രമീകരിക്കണമെന്ന നിർദ്ദേശം ഇന്നലെ എല്ലാവരുമായി ആലോചിച്ച് ഒരു ധാരണയിലെത്തിയിട്ടുണ്ട്. അതുകൊണ്ട് ഇന്ന് ചോദ്യോത്തരവേള, ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ, അനൗദ്യോഗികാംഗങ്ങളുടെകാര്യം എന്നിവ ഒഴിവാക്കണം എന്ന നിർദ്ദേശത്തിന് സഭയുടെ അംഗീകാരം ഉണ്ടെന്ന് ചെയർ കരുതുന്നു. കാര്യോപദേശകസമിതിയുടെ റിപ്പോർട്ട് സമർപ്പണവും റിപ്പോർട്ട് പരിഗണനയും ഒഴികെയുള്ള എല്ലാ ബിസിനസ്സുകളും ഒഴിവാക്കുന്നു.

II റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട്

(1) മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ, കാര്യോപദേശക സമിതി അംഗമായ ഞാൻ സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി)-ബില്ലിനെയും 2014-ലെ കേരള മത്സ്യാരിത്ത് ബില്ലിനെയും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ റിപ്പോർട്ടുകൾ

കൃഷിയും ഭൂഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) സർ, 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബില്ലിനെയും 2014-ലെ കേരള മത്സ്യാരിത്ത് ബില്ലിനെയും സംബന്ധിച്ച